സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി. നം.7948/20/എൻ.എസ്

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 03.09.2020.

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്

സർ,

വിഷയം : തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ബലിതർപ്പണം പുനരാരംഭിക്കുന്നത് സംബന്ധിച്ച്.

സൂചന : ആ ആഫീസിലെ 26.08.2020-ലെ ആർ.ഒ.സി. 10618/2019/എൻ.എസ്.1 നമ്പർ റിപ്പോർട്ട്.

കോവിഡ്-19 മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നിലവിൽ ബലിതർപ്പണം നടത്തുന്ന എല്ലാ ക്ഷേത്രങ്ങളിലും ആയത് പുനരാരംഭിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട തിരുവല്ലം ശ്രീപരശുരാമസ്വാമി ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് ഒരു താൽക്കാലിക പന്തൽ നിർമ്മിച്ച് സർക്കാർ പ്രോട്ടോക്കോൾ പാലിച്ചും മുൻകൂർ ടോക്കൺ സമ്പ്രദായം നിശ്ചയിച്ചും ബലിതർപ്പണം നടത്തുന്നതിനും, ഒരു വരിയിൽ 20 പേർ വീതം 4 വരിയിൽ 80 ആൾക്കാർക്ക് ഒരേ സമയം ബലിതർപ്പണം നടത്തുന്നതിനും നാലമ്പലത്തിന് പുറത്തുള്ള സ്ഥിരം മണ്ഡപത്തിൽ 30 പേരെ വച്ച് 41 ബലി, ആണ്ടുബലി എന്നിവ മാത്രം നടത്തുന്നതിനും, ടി ക്ഷേത്ര തിരുമുറ്റത്ത് ഒരു താൽക്കാലിക പന്തൽ ചെലവ് കണക്ക് അടിസ്ഥാനത്തിൽ ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവായ വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
**സെക്രട്ടറി**
അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
ഇൻ ചാർജ്

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് :

1. ഫിനാൻസ് കമ്മീഷണർ
2. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4. PS to Hon'ble President
5. PS to Hon'ble Member-I
6. PS to Hon'ble Member-II
7. മിനിറ്റ്സ്
8. സെക്ഷൻ ഫയൽ 9. ഫയൽ ബുക്ക് 10. ഫെയർ ആഫീസ് കോപ്പി

EDP Section.